# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.897 03.12.2014 ൽ മറുപടിക്ക്

## മുല്ലപ്പെരിയാർ ഡാമിന്റെ സംഭരണശേഷി

| ചോദ്യം<br>ശ്രീ. എ.എ.അസീസ് | ഉത്തരം<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ്മന്ത്രി) |
| --- | --- |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിലവിലെ സംഭരണശേഷി എത്ര അടിയാണ്; | (എ) മുല്ലപ്പെരിയാർഡാമിന്റെ സംഭരണശേഷി 152 അടിയിൽ; 15.66 Tmc ft ആണ്. മുല്ലപ്പെരിയാർ അണക്കെട്ടിലെ 27.11.2014 ലെ ജലനിരപ്പ് 139.60 അടിയാണ്. ഈ നിരപ്പിൽ സംഭരണശേഷി 7025.20 ദശലക്ഷം ഘനഅടിയാണ്. ബഹു.സുപ്രീംകോടതിയുടെ 2014 ലെ വിധിന്യായം പ്രകാരം 142 ആകുമ്പോൾ സംഭരണശേഷി 12758 ദശലക്ഷം ഘനഅടിയാണ്. |
| (ബി)140 അടിയിൽ കൂടുതൽ ജലം പ്രസ്തുത അണക്കെട്ടിൽ എത്രദിവസം സംഭരിച്ചു; | (ബി) 140 അടിയിൽ കൂടുതൽ ജലം; മുല്ലപ്പെരിയാർ അണക്കെട്ടിൽ 13 ദിവസങ്ങൾ സംഭരിച്ചിട്ടുണ്ട്. |
| (സി)140 അടിയിൽ കൂടുതൽ ജലം സംഭരിച്ചാൽ മുല്ലപ്പെരിയാർ അണക്കെട്ടിനു എന്തു സംഭവിക്കുമെന്നാണ് പഠനം വെളിപ്പെടുത്തുന്നത്; | (സി) 136 അടിയിൽ കൂടുതൽ ജലം സംഭരിച്ചു നിർത്തിയിരിക്കുമ്പോൾ PMF 2.92 ലക്ഷം ഘനയടി/സെക്കന്റ് വരികയോ റിക്റ്റർ സ്കെയിലിൽ 6 മുതൽ 6.5 വരെ തീവ്രതയുള്ള ഭൂചലനം സംഭവിക്കുകയോ ചെയ്താൽ അണക്കെട്ട് തകരാൻ സാധ്യതയുണ്ടെന്നാണ് Delhi IIT യുടേയും, Roorkey IIT യുടേയും റിപ്പോർട്ടുകൾ പറയുന്നത്. |
| (ഡി) സംഭരണശേഷി കുറയ്ക്കാൻ എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) ബഹു.സുപ്രീംകോടതിയുടെ 07.05.2014 ലെ ഉത്തരവ് പ്രകാരം തമിഴ് നാടിന് 142 അടിയിൽ ജലം സംഭരിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. തുടർന്ന് |

12.05.2014 ൽ നടത്തിയ സർവ്വകക്ഷിയോഗത്തിന്റെ കൂടി തീരുമാനപ്രകാരം 30.06.2014-ൽ കേരളം സുപ്രീംകോടതിയിൽ റിവ്യൂപെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി.

കൂടാതെ തമിഴ്നാട്ടിൽ നിർമ്മിച്ചിട്ടുള്ള വൈഗഡാമിലേക്ക് പരമാവധി അളവിൽ ജലം തുരങ്കംവഴി കൊണ്ടുപോയി മുല്ലപ്പെരിയാർ ജലാശയത്തിലെ നിരപ്പ് 136 അടിയിലേയ്ക്ക് താഴ്ത്തി നിർത്തണമെന്ന് സൂപ്പർവൈസറി സമിതിയുടെ മീറ്റിംഗിൽ കേരളം ആവശ്യപ്പെടുകയും ആ വിഷയത്തിൽ കത്തുകൾ സമിതി അദ്ധ്യക്ഷന് നൽകുകയും ചെയ്തു. കേരളത്തിന്റെ അഭ്യർത്ഥന കണക്കിലെടുക്കാതെ ജലനിരപ്പ് 142 അടിവരെ ഉയർത്തിയശേഷം തുരങ്കത്തിൽ കൂടി കൊണ്ടുപോകാവുന്ന ജലത്തിന്റെ തോത് വർദ്ധിപ്പിച്ചു നിരപ്പ് താഴ്ത്തുകയാണ് തമിഴ്നാട് ചെയ്തത്. കേരള ജനതയുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് സഹായകരമാംവിധം ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ വ്യക്തമാക്കിക്കൊണ്ട് അവ പരിഗണിച്ചു കിട്ടുന്നതിനായി കേരളം 15.11.2014 ൽ ബഹു.സുപ്രീംകോടതിയിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ